ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനുകീഴിലെ സ്കിൽഡ് അസിസ്റ്റന്റ് ഗ്രേഡ്- 2 തസ്തിക

66(2104) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനു കീഴിലെ സ്കിൽഡ് അസിസ്റ്റൻറ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ എന്നു പറയാമോ;

(ബി) ഈ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ എത്ര ഒഴിവുകളുണ്ടെന്ന് പറയാമോ, സ്കിൽഡ് അസിസ്റ്റൻറ് ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പി.എസ്.സി. യോഗ്യതാ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ട് എത്രനാളായി എന്ന് വ്യക്തമാക്കാമോ;

(സി) ഈ ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ലിസ്റ്റ് വന്നതിനുശേഷം എത്രപേരെ ഇതിനോടകം നിയമിച്ചുവെന്ന് പറയാമോ; 2011-നു ശേഷം ഈ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ ഉണ്ടായ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ ;

(ഡി) മീറ്റർ ടെസ്റ്റിംഗ് ലാബുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുമെന്ന തീരുമാനം നടപ്പിലാക്കാത്തതെന്തുകൊണ്ടാണെന്ന് പറയാമോ;

(ഇ) എല്ലാ ജില്ലകളിലും മീറ്റർ ടെസ്റ്റിംഗ് ലാബുകൾ ലാബുകൾ സ്ഥാപിക്കുവാനും സ്കിൽഡ് അസിസ്റ്റൻറുമാരെ കൂടുതലായി നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം, പാലക്കാട്, വയനാട്, കോഴിക്കോട്, ഇടുക്കി, കോട്ടയം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) 1(ഒന്ന്). ആലപ്പുഴ ജില്ലയിലെ റാങ്ക് പട്ടിക 2-12-2015-ന് നിലവിൽ വന്നു.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കകം വരുന്ന ഒഴിവിന്റെ മുറയ്ക്ക് നിയമിക്കാനാകും. ഒരാൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2011-നുശേഷം ഒഴിവുകളൊന്നും ഉണ്ടായിട്ടില്ല.

(ഡി) സ്ഥലപരിമിതി കാരണം ആലപ്പുഴ ജില്ലയിൽ മാത്രം നടപ്പിലാക്കാനായിട്ടില്ല. മറ്റ് എല്ലാ ജില്ലകളിലും മീറ്റർ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) കൂടുതൽ സ്കിൽഡ് അസിസ്റ്റന്റുമാരെ നിയമിക്കേണ്ട സാഹചര്യം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly